ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. ജോസഫ് മാത്തൻ : പിന്നെ ഏതു ഡിപ്പാർട്ട്മെണ്ടുവഴിയാണ് വിതരണം നടത്തുന്നത് ?

ശ്രീ. കെ. എം. കോര : ടെക്സ്റ്റയിൽ ഡിപ്പാർട്ട്മെണ്ട് വഴിയാണ്.

ശ്രീ. ജോസഫ് മാത്തൻ : ടെക്സ്റ്റയിൽ ഡിപ്പാർട്ട്മെണ്ടുവഴി നൂൽവിതരണം തുടങ്ങിയിട്ട് ഇതുവരെ മത്സ്യവ്യവസായികൾക്കു നൂൽ കിട്ടിയിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. എം. കോര : അങ്ങിനെ ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. അങ്ങിനെ വല്ലതും ഉണ്ടെങ്കിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തിയാൽ പരിഹാരമുണ്ടാക്കാം.

ശ്രീ. ഈപ്പൻ അറക്കൽ : തീരപ്രദേശങ്ങളിലെ മത്സ്യവ്യവസായികൾക്കു നൂൽ കൊടുക്കുന്നതിനു് ഫിഷറി സൂപ്രണ്ടിനെ അധികാരപ്പെടുത്തിയിരുന്നുവെന്നറിയാമോ ?

ശ്രീ. കെ. എം. കോര : ഇപ്പോൾ അധികാരം കൊടുത്തിട്ടില്ല.

ശ്രീ. ഈപ്പൻ അറക്കൽ : മുമ്പു് അധികാരം കൊടുത്തിരുന്നില്ലേ ?

ശ്രീ. കെ. എം. കോര : മുമ്പു കൊടുത്തിരുന്നു.

ശ്രീ. ഈപ്പൻ അറക്കൽ : ഇപ്പോൾ എങ്ങിനെയാണു് ?

ശ്രീ. കെ എം. കോര : ഇപ്പോൾ അങ്ങിനെയല്ല.

ശ്രീ. ഈപ്പൻ അറക്കൽ: ഫിഷറി സൂപ്രണ്ടിനു് നൂൽ വിതരണംചെയ്യുന്നതിനു കൊടുത്തിരുന്ന അധികാരം മാറ്റുന്നതിനു വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. കെ. എം. കോര: ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന മാർഗം കൂടുതൽ നല്ലതാണെന്നു തോന്നിയതുകൊണ്ടാണു് ഇങ്ങിനെ ചെയ്തിട്ടുള്ളതു്.

ശ്രീ. ഈപ്പൻ അറക്കൽ: ഫിഷറി സൂപ്രണ്ടിനു് മൽസ്യ വ്യവസായികളുടെ ആവശ്യങ്ങളെ സംബന്ധിച്ചു് കൂടുതൽ അറിയുവാൻ എളുപ്പമുള്ളതുകൊണ്ടു് മൽസ്യവ്യവസായികൾക്കുള്ള നൂൽ വിതരണം ഫിഷറി ഡിപ്പാർട്ടുമെണ്ടു വഴിതന്നെ നടത്തുന്നതല്ലേ നല്ലതു്?

Mr. Speaker : The question is disallowed.

നൂൽ വിലനിരക്കു്

*ഫാദർ (പന്നു) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സു്: ബഹുമാനപ്പെട്ട മത്സ്യ വകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്കു് സദയം മറുപടി നൽകുമോ.—

(എ) നൂൽ നിയന്ത്രണഉത്തരവിനു വിപരീതമായി മൊത്തവ്യാപാരികൾക്കു് കൂടുതൽ ലാഭവും ചില്ലറവ്യാപാരികൾക്കു് നഷ്ടവും ഉണ്ടാകത്തക്കവണ്ണം അധികതർ വില ക്രിയപ്പെടുത്തിയിട്ടുണ്ടോ?

(ബി) എക്സ്മിൽവിലയും ചില്ലറ വിലയും തമ്മിലുള്ള വ്യത്യാസത്തിൽ എത്ര ശതമാനം വീതമാണു് മൊത്തവ്യാപാരിക്കും ചില്ലറവ്യാപാരിക്കും നിശ്ചയിച്ചിരിക്കുന്നതു്?

ധനകാര്യവും മത്സ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എക്സ്മിൽ വിലയും ചില്ലറവിലയും തമ്മിലുള്ള വ്യത്യാസം എക്സ്മിൽ വിലയുടെ പന്ത്രണ്ടരശതമാനം ആണ്. അതിൽ ന്യ ശതമാനം മൊത്ത വ്യാപാരിക്കും ഒരരശതമാനം ചില്ലറ വ്യാപാരിക്കുമാണ് അനുവദിച്ചിരിക്കുന്നത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മഹാലക്ഷ്മി മിൽ എന്ന മൊത്തവ്യാപാരിക്ക് ഫ 0 ശതമാനം മാർജിൻ അനുവദിച്ചിട്ടുണ്ടായിരുന്നുവോ?

ശ്രീ. കെ. എം. കോര: ആ മില്ല് ക്ലൂടതൽ ഫ 0 -ാം നമ്പർ നൂൽ ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഫ 0 ശതമാനം മാർജിൻ കൊടുത്തിട്ടുള്ളത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: സാധാരണ മൊത്ത വ്യാപാരികൾക്ക് ന്യ ശതമാനം മാർജിൻ കൊടുക്കുമ്പോൾ ഇവിടെ ഫ 0 ശതമാനം കൊടുക്കുവാൻ കാരണമെന്താണ്?

ശ്രീ കെ. എം. കോര: സാധാരണയായി ന്യ ശതമാനം ആണ കൊടുക്കുന്നത്. ഇവർ ഫ 0 -ാംനമ്പർ നൂൽ ക്ലൂടതലായി ഉണ്ടാക്കിക്കൊണ്ടിരുന്നതുകൊണ്ട് ഒരു എൻകറേജ്മെൻറ് അവക്ക് കൊടുക്കേണ്ടതാവശ്യമാണെന്ന തോന്നിയതുകൊണ്ടാണ് ഫ 0 ശതമാനം മാർജിൻ കൊടുത്തത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ആ മാർജിൻ ചില്ലറ വ്യാപാരികൾക്കും കൊടുക്കുവാൻ പാടില്ലേ?

ശ്രീ. കെ. എം. കോര: അവക്ക് എൻകറേജ്മെൻറ കൊടുക്കേണ്ടതാണെന്ന തോന്നിയതുകൊണ്ടു കൊടുത്തതാണ്. ഫ 0 -ാംനമ്പർ നൂൽ അവർ ക്ലൂടതലുണ്ടാക്കുന്നതിനെ പ്രത്യേകം പരിഗണിച്ച് അങ്ങിനെ ചെയ്തിട്ടുള്ളതാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഫ 0 -ാംനമ്പർ നൂൽ കിട്ടുവാൻ ഇപ്പോൾ പ്രയാസമുണ്ടോ?

ശ്രീ. കെ. എം. കോര: പ്രയാസമുണ്ടായിരുന്നുവെന്നുള്ളതുകൊണ്ടാണ് അങ്ങിനെ കൊടുത്തത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഫ 0 -നമ്പർ നൂൽ ധാരാളമായി വരുത്തുവാൻ കഴിയുമെന്ന് ഏതെങ്കിലും വ്യാപാരികൾ പറഞ്ഞിട്ടുള്ളതായി ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. എം. കോര: അതെങ്ങിനെ വരുത്തുവാൻ പറ്റുമെന്ന മനസ്സിലാകുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മറ്റു മില്ലുകളിൽ ഫ 0 -നമ്പർ നൂൽ ധാരാളം ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഗവൺമെൻറ് ആവശ്യപ്പെടാത്തതുകൊണ്ടാണ് ആ മില്ലുകാർ നൂൽ കൊടുക്കാത്തതെന്നാണറിയുന്നത്.

ശ്രീ. കെ. എം. കോര: ആ അറിവു ശരിയല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഫ 0 -ാംനമ്പർ നൂൽ എക്സ്മിൽ റേറിന്റെ ഫ 0 ശതമാനം ക്വട്ടിയാണ് സൊസൈറ്റിക്ക കൊടുക്കുന്നത്.

ശ്രീ. കെ. എം. കോര: അതു ഈ ഒരൊറ്റ മില്ലിലേക്കുമാത്രം കൊടുത്തിട്ടുള്ള സ്പെഷ്യൽ ജനുവരിമാണെന്ന പറഞ്ഞുകഴിഞ്ഞു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഫ 0 -ാംനമ്പർ നൂൽ വിതരണംചെയ്യുന്ന സൊസൈറ്റികൾക്ക ഫ 0 ശതമാനം മാർജിൻ കൊടുക്കുന്നതാണോ?

ശ്രീ. കെ. എം. കോര: നോട്ടീസില്ലാതെ പറയുവാൻ തരമില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: സൊസൈറ്റികൾവഴിക്കാണോ ഇവിടെ നൂൽ വിതരണം നടത്തുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര: അധികവും അങ്ങിനെതന്നെയാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സൊസൈറ്റികൾ എല്ലാം ഒരേ റേറ്റിൽ തന്നെയാണോ നൂൽ കൊടുക്കുന്നത്?

ശ്രീ. കെ. എം. കോര: ഒരേതരത്തിൽതന്നെയാണ് കൊടുക്കുന്നത്.

ശ്രീ. പൊന്നറ ജി. ശ്രീധർ: കൊച്ചിൻ മാർക്കറ്റിംഗ് കോവാപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നു നൂൽ വാങ്ങുന്ന സൊസൈറ്റികൾക്ക് എക്സ് മില്ലിലും കുറഞ്ഞ റേറ്റിൽ കൊടുക്കുവാൻ ഗവൺമെൻറ് പ്രത്യേകം അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങിനെ ഒരു പ്രത്യേകാനുവാദം കൊടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: മൊത്തവ്യാപാരിയെന്നനിലയിൽ വിജയമോഹിനി മില്ലിനു് എന്തു മാർജിനാണ് ഗവൺമെൻറ് അനുവദിച്ചിട്ടുള്ളത്?

ശ്രീ. കെ. എം. കോര: നോട്ടീസുകൂടാതെ പറയുവാൻ തരമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: വിജയമോഹിനിമില്ലിനു് മഹാലക്ഷ്മി മില്ലിനു കൊടുത്തതുപോലെ കൊടുത്തിട്ടില്ല. അതെന്തുകൊണ്ടാണ്?

ശ്രീ. കെ. എം. കോര: അതു് അന്വേഷിച്ചു പറയുവാനേ നിവൃത്തിയുള്ളൂ.

നൂൽവിഭജനം

* ൧൦൩. (൨൭) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ബഹുമാനപ്പെട്ട ക്ഷീരവികസനമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്കു് സദയം മറുപടി നൽകുമോ?

(എ) നൂൽവിഭജനം നെയ്ത്തുകാർക്കു് മാസംതോറും കൂട്ടിയും വലനിർമ്മാണത്തിനു കുറച്ചും ആണ് നടത്തിവരുന്നതെന്നു പറയുന്നതു വാസ്തവമാണോ;

(ബി) ൧൯൫൦ ഒക്ടോബർ മുതൽ ൧൯൫൧ ആഗസ്റ്റ് അവസാനംവരെ രണ്ടു കൂട്ടർക്കും വീതിച്ചിട്ടുള്ള നൂലിന്റെ കണക്കെന്താണ്?

ധനകാര്യവും ക്ഷീരവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) അല്ല. വല നിർമ്മാണത്തിനും പഴയവല നന്നാക്കുന്നതിനും താരതമ്യേന കുറച്ചു നൂൽ മതിയാകും. എന്നാൽ നെയ്ത്തുകാർക്കു് വലനിർമ്മാണത്തെക്കാൾ വളരെ കൂടുതൽ നൂൽ ആവശ്യമാണ്.

(ബി) രണ്ടുകൂട്ടർക്കും അനുവദിച്ചിട്ടുള്ളതിന്റെ കണക്കു് താഴെ കൊടുത്തിരിക്കുന്നു.

ആ സ്റ്റേറ്റുമെൻറ് ഞാനിവിടെ വായിക്കാം

൧൯൫൦ ഒക്ടോബർ നെയ്ത്തു നൂൽ ബയിൽ വലക്കാർക്കു് വല ബയിൽ
കാർക്കു്

,,	നവംബർ	,,	൭൯൫	,,	,,	൨൬	,,
,,	ഡിസംബർ	,,	൪൫൦	,,	,,	൭൬	,,
൧൯൫൧	ജനുവരി	,,	൭൦൨	,,	,,	൭൪	,,
,,	ഫെബ്രുവരി	,,	൬൯൨	,,	,,	൭൪	,,
,,	മാർച്ചു്	,,	൫൦൫൬	,,	,,	തന്നുകൊടുത്തിട്ടില്ല	
,,	ഏപ്രിൽ	,,	൨൬൭	,,	,,	൪൦ ബയിൽ	
,,	മേയ്	,,	൫൨൬൬	,,	,,	തന്നുകൊടുത്തിട്ടില്ല	
,,	ജൂൺ	,,	൫൫൪൪	,,	,,	൪൦ ബയിൽ	
,,	ജൂലായ്	,,	൫൨൨൨	,,	,,	൩൯	,,
,,	ആഗസ്റ്റ്	,,	൫൫൭൯	,,	,,	൪൫½	,,

LIBRARY ARCHIVES Kerala Legislative Assembly